**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2928** **10.03.2017 ൽ മറുപടിയ്ക്ക്**

**<u>കേന്ദ്ര റോഡ് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് റോഡുകൾക്ക് കേന്ദ്ര റോഡ് ഫണ്ടിൽ നിന്ന് ലഭിക്കുന്ന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുള്ള സെസിൽ നിന്നും രൂപീകരിക്കുന്ന സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതത്തിന്റെ ഒരു നിശ്ചിത ഭാഗമാണ് സി.ആർ.എഫ് റോഡ് പദ്ധതികൾക്ക് അനുവദിക്കുന്നത്. |
| (ബി) ഈ ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇതിനുള്ള നിർദ്ദേശങ്ങൾ ഏതൊക്കെ ഇടവേളകളിൽ എപ്പോഴൊക്കെയാണ് സമർപ്പിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുന്നത് 10 കി.മീ കുറയാത്ത സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, ദേശീയ പാതയെ മറ്റ് ജില്ലാ റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാനപാതകൾ, വാണിജ്യ വ്യവസായ, വിനോദ പ്രാധാന്യമുള്ള റോഡുകൾ, പാലങ്ങളുടെ നിർമ്മാണം, പുനർ നിർമ്മാണം എന്നിവയാണ്. എല്ലാ സാമ്പത്തിക വർഷത്തിലും പ്രൊപ്പോസൽ സമർപ്പിക്കാറുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ ഫണ്ടിൽ നിന്ന് എത്ര തുകയ്ക്കുള്ള നിർദ്ദേശങ്ങളാണ് ഇതുവരെ സമർപ്പിച്ചിട്ടുള്ളത്? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി 364 കോടി രൂപയുടെ 26 പദ്ധതികളും 467.30 കോടി രൂപയുടെ 40 പദ്ധതികളും സമർപ്പിച്ചതിൽ നിന്നും 397 കോടി രൂപയുടെ 29 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**